12

നവംബർ 2020

വ്യാഴം

1196 തുലാം 27 1442 റ. അവ്വൽ 26

കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 KARAVAL DAILY PUBLISHED FROM KASARAGOD കാസർകോട്•പുസ്തകം 27 •ലക്കം 217 •പേജ് 4 •വില: 5 രൂപ

30 years of Excellence
advent
MARBLES & SANITARY WARE
E-mail: adventmarbles@gmail.com www.adventmarbles.in
N.H. ROAD, THALIPADUPPU, KASARAGOD. Ph: 04994-221633

ജ്വല്ലറി നിക്ഷേപ തട്ടിപ്പ്

ഖമറുദ്ദീൻ എം എൽ എയ്ക്ക് ജാമ്യമില്ല; 40 കേസുകളിൽ കൂടി അറസ്റ്റ്

കാഞ്ഞങ്ങാട്/കാസർകോട്: ഫാഷൻ ഗോൾഡ് നിക്ഷേപ തട്ടിപ്പ് കേസിൽ റിമാന്റിൽ കഴിയുന്ന മഞ്ചേശ്വരം എം എൽ എയും കമ്പനി ചെയർമാനുമായ എം സി ഖമറുദ്ദീന്റെ ജാമ്യാപേക്ഷ ഹൊസ്ദുർഗ്ഗ് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി തള്ളി. പ്രത്യേക അന്വേഷണ സംഘം കോടതിയിൽ നടത്തിയ വാദഗതികൾ അംഗീകരിച്ചു കൊണ്ടാണ് ആദ്യത്തെ മൂന്നു കേസുകളിൽ മേൽ ജാമ്യാപേക്ഷ തള്ളിയത്. അതേ സമയം നിക്ഷേപ തട്ടിപ്പു പരമ്പരയിൽ 40 കേസുകളിൽ കൂടി മഞ്ചേശ്വരം എം എൽ എയും ജ്വല്ലറി ചെയർമാനുമായ എം സി ഖമറുദ്ദീനെതിരെ പ്രത്യേക അന്വേഷണ സംഘം അറസ്റ്റു രേഖപ്പെടുത്തി. ഇതോടെ പ്രത്യേക അന്വേഷണ സംഘം ഖമറുദ്ദീനെതിരെ അറസ്റ്റ് രേഖപ്പെടുത്തിയ കേസുകളുടെ എണ്ണം 51 ആയി. ആദ്യം മൂന്നുകേസുകളിൽ അറസ്റ്റിലായ എം എൽ എ റിമാന്റിൽ കഴിയുന്നതിനിടയിൽ ആണ് പതിനൊന്നു കേസുകളിൽ കൂടി ഇന്നലെ അറസ്റ്റു രേഖപ്പെടുത്തിയത്. അതേ സമയം ഇന്നു പുതുതായി രണ്ടു കേസുകൾ കൂടി ചന്തേര പൊലീസ് രജിസ്റ്റർ ചെയ്തു. ഇതോടെ ജ്വല്ലറി നിക്ഷേപ തട്ടിപ്പുവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം 126 ആയി.

എം സി ഖമറുദ്ദീനെ കോടതിയിൽ ഹാജരാക്കാൻ എത്തിച്ചപ്പോൾ

കേസിൽ ഒളിവിൽ കഴിയുന്ന കമ്പനി മാനേജിംഗ് ഡയറക്ടർ ടി കെ പൂക്കോയ തങ്ങളെ ഇനിയും കണ്ടെത്താനായിട്ടില്ല. തങ്ങളും അയാളുടെ ഇളയമകനും എവിടെയോ ഒളിവിൽ കഴിയുന്നുണ്ടെന്നാണ് പ്രത്യേക അന്വേഷണ സംഘത്തിനു ലഭിച്ച സൂചന. ഇരുവരുടെയും മൊബൈൽ ഫോണുകൾ സ്വിച്ച് ഓഫ് ചെയ്ത നിലയിലാണെന്നും അന്വേഷണ സംഘം സൂചിപ്പിച്ചു.

കോൺഗ്രസ് വിട്ട് ബി ജെ പിയിൽ ചേർന്ന കൃഷ്ണഭട്ടിനെ ബി ജെ പി കർണ്ണാടക സംസ്ഥാന വൈസ് പ്രസിഡന്റ് മോനപ്പ ഭണ്ഡാരി ഷാൾ അണിയിച്ച് സ്വീകരിക്കുന്നു.

കൃഷ്ണഭട്ടിന്റെ നേതൃത്വത്തിൽ 50 വോളം കോൺഗ്രസ് പ്രവർത്തകർ ബി ജെ പിയിൽ ചേർന്നു

ബദിയഡുക്ക: പ്രമുഖ കോൺഗ്രസ് നേതാവും ബദിയഡുക്ക ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായിരുന്ന കെ എൻ കൃഷ്ണഭട്ടിന്റെ നേതൃത്വത്തിൽ 50 വോളം പ്രധാന കോൺഗ്രസ് പ്രവർത്തകർ ബി ജെ പിയിൽ ചേർന്നു.ഇന്നുച്ചയ്ക്ക് കിളിംഗാർ സായി മന്ദിരത്തിൽച്ചേർന്ന യോഗത്തിൽ ദക്ഷിണ കന്നഡ മുൻ എം എൽ സിയും ബി ജെ പി കർണ്ണാടക സംസ്ഥാന വൈസ് പ്രസിഡന്റുമായ മോനപ്പ ഭണ്ഡാരി, കൃഷ്ണഭട്ടിനെ ഹാരാർപ്പണം ചെയ്തു ബി ജെ പിയിലേക്കു വരവേറ്റു. കൃഷ്ണഭട്ടിനൊപ്പം ഭാര്യ ഷീല കെ ഭട്ടും 50 വോളം പ്രധാന കോൺഗ്രസ് പ്രവർത്തകരും ബി ജെ പിയിൽ ചേർന്നു. മുസ്ലീം ലീഗുമായുള്ള കോൺഗ്രസ് സഖ്യം ബദിയഡുക്കയിൽ കോൺഗ്രസിനെ ഉപ്പുവച്ച കലം പോലെയാക്കിയിരിക്കുകയാണെന്നു കൃഷ്ണ ഭട്ട് പറഞ്ഞു. നാടിന്റെ വികസനത്തിനും ജനങ്ങളുടെ പുരോഗതിക്കും പഞ്ചായത്തിലെ യു ഡി എഫ് എന്നും വിഘാതമായിരിക്കുമെന്നതിനാലാണ് താൻ കോൺഗ്രസ് വിട്ടതെന്ന് അദ്ദേഹം പറഞ്ഞു.ജനങ്ങളുടെ പുരോഗതിയും നാടിന്റെ അഭിവൃദ്ധിയും നരേന്ദ്രമോദിയുടെ കൈയിൽ സുരക്ഷിതമാണെന്ന തിരിച്ചറിവിനെത്തുടർന്നാണ് ബി ജെ പിയിൽ ചേരുന്നതെന്ന് അദ്ദേഹം പറഞ്ഞു.രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ പ്രകടമായിട്ടുള്ള രാഷ്ട്രീയ പ്രതിഭാസത്തിന്റെ ഭാഗമാണ് കൃഷ്ണഭട്ടിന്റെ ബി ജെ പി പ്രവേശനമെന്നു മോനപ്പഭണ്ഡാരി പറഞ്ഞു.

ചിന്തിക്കുന്ന ജനങ്ങളും അധ്വാനിക്കുന്നവരും ദേശീയ തലത്തിൽ ബി ജെ പിയിൽ എത്തിക്കൊണ്ടിരിക്കുകയാണെന്നു ബി ഹാർ തിരഞ്ഞെടുപ്പു ഫലം ചൂണ്ടിക്കാട്ടിക്കൊണ്ട് അദ്ദേഹം പറഞ്ഞു. ബി ജെ പി നേതാക്കന്മാരായ കെ ശ്രീകാന്ത്, പി സുരേഷ് കുമാർ ഷെട്ടി, സതീഷ് ചന്ദ്ര ഭണ്ഡാരി, ഹരീഷ് നാരമ്പാടി, സുധാമഗോസാഡ, ധനഞ്ജയ, സദാനന്ദറൈ, ഡി ശങ്കര, അവിനാശ് റൈ, രജനി പ്രസംഗിച്ചു. മോനപ്പ ഭണ്ഡാരി സായിറാം ഭട്ടിനെ സന്ദർശിച്ചു.

ഗൃഹനാഥൻ ട്രെയിൻ തട്ടി മരിച്ചു

കാഞ്ഞങ്ങാട്: പാളം മുറിച്ചു കടക്കുന്നതിനിടയിൽ ഗൃഹനാഥൻ ട്രെയിൻ തട്ടി മരിച്ചു. അജാനൂർ, താഴെ കൊളവയൽ ഉപാസന ക്ലബ്ബിനു സമീപത്ത് താമസിക്കുന്ന ഭരതൻ (65) ആണ് മരിച്ചത്. ഇന്നലെ സന്ധ്യയ്ക്ക് ഏഴുമണിയോടെയാണ് സംഭവം. മഡിയനിൽ നിന്നു വീട്ടിലേയ്ക്ക് നടന്നു പോകുന്നതിനിടയിലായിരുന്നു അപകടം.

ഭാര്യ: ബേബി. മക്കൾ: രാജു, ബൈജു, വർഷ. മരുമകൾ: രജിത. ഹൊസ്ദുർഗ്ഗ് എസ് ഐ ബാലകൃഷ്ണൻ മൃതദേഹം ഇൻക്വസ്റ്റ് നടത്തി.

പയ്യന്നൂരിലും ജ്വല്ലറി തട്ടിപ്പ്

പയ്യന്നൂർ: ഫാഷൻ ഗോൾഡ് ജ്വല്ലറി തട്ടിപ്പ് മോഡലിൽ പയ്യന്നൂരിലും തട്ടിപ്പ്. പൊലീസ് കേസെടുത്തു. മൊയ്തുഹാജി മാനേജിംഗ് ഡയറക്ടർ ആയിട്ടുള്ള പെരുമ്പയിലെ അമാൻ ജ്വല്ലറിയുമായി ബന്ധപ്പെട്ടാണ് കേസ്. തൃക്കരിപ്പൂർ മാതമംഗലം, സ്വദേശികളുടെ പരാതി പ്രകാരമാണ് കേസ് എടുത്തത്. നിക്ഷേപം വാങ്ങി തട്ടിപ്പു നടത്തിയെന്നാണ് പരാതി.

സ്ത്രീക്കു മർദ്ദനം; കേസ്

കുമ്പള: സ്ത്രീയെ മർദ്ദിച്ചുവെന്ന പരാതിയിൽ 4 പേർക്കെതിരെ കുമ്പള പൊലീസ് കേസെടുത്തു. കുണ്ടങ്കേരടുക്കയിലെ മുരുകന്റെ ഭാര്യ റാണി (40)യുടെ പരാതിയിൽ രവി, ശിവൻ, സുരേഷ്, അനീഷ് എന്നിവർക്കെതിരെയാണ് കേസ്.

ബസിൽ കടത്തുകയായിരുന്ന മദ്യം പിടിച്ചു

അടുക്കസ്ഥല:വിട്ളയിൽ നിന്നു പെർളയിലേക്കു വരുകയായിരുന്ന കർണ്ണാടക സ്വകാര്യബസിൽ നിന്നു 24 കുപ്പി കർണ്ണാടക മദ്യം പിടിച്ചു. ആരും അവകാശവാദം ഉന്നയിക്കാത്തതിനാൽ പ്രതിയെ കണ്ടെത്താനായില്ലെന്ന് അധികൃതർ പറഞ്ഞു.

ബേഡകം ഹണിട്രാപ്പ്: അന്തർ സംസ്ഥാന കുറ്റവാളി ലാലാ കബീറിന്റെ ഭാര്യയും അറസ്റ്റിൽ

ബേഡകം: അറുപതുകാരനെ തട്ടിക്കൊണ്ടുപോയി സ്ത്രീകൾക്കൊപ്പം നിർത്തി ഫോട്ടോയെടുത്ത് ഭീഷണി മുഴക്കി അഞ്ചേമുക്കാൽ ലക്ഷം രൂപ തട്ടിയെടുത്തുവെന്ന കേസിൽ രണ്ടാം പ്രതിയും അറസ്റ്റിൽ. അന്തർ സംസ്ഥാന കുറ്റവാളിയും ബേഡകം ഹണിട്രാപ്പ് കേസിലെ മൂന്നാം പ്രതിയുമായ അഹമ്മദ് കബീർ എന്ന ലാലാ കബീറിന്റെ ഭാര്യ കാഞ്ഞങ്ങാട്, ആവിക്കര പള്ളി ക്വാർട്ടേഴ്സിൽ താമസിക്കുന്ന സബീന (28)യെ ആണ് ഇൻസ്പെക്ടർ ടി ഉത്തംദാസിന്റെ നിർദ്ദേശ പ്രകാരം എസ് ഐ എം ഗംഗാധരനും സംഘവും അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്ത് കണ്ണൂർ, തോട്ടടയിലെ സ്ത്രീകളുടെ സ്പെഷ്യൽ ജയിലിലേക്ക് അയച്ചു. മാതാപിതാക്കൾ ജയിലിൽ ആയതോടെ ഇവരുടെ മക്കളായ 6, 8 വയസുള്ള രണ്ട് പെൺമക്കളെ പരവനടുക്കം ജുവനൈൽ ഹോമിലാക്കി. ഇക്കഴിഞ്ഞ സെപ്തംബർ 23ന് ആണ് കേസിനാസ്പദമായ സംഭവം. ബാലനടുക്കം സ്വദേശിയായ അറുപതുകാരനെയാണ് ലാലാ കബീറും സംഘവും തട്ടിക്കൊണ്ടുപോയി ഫോട്ടോയെടുത്ത് പണം തട്ടിയത്. കേസിൽ ഇനി മൂന്നു പ്രതികളെ കൂടി കിട്ടാനുണ്ട്. സബീനയെ അറസ്റ്റ് ചെയ്ത പൊലീസ് സംഘത്തിൽ പൊലീസുകാരായ കാർത്തിക, രാധാകൃഷ്ണൻ, മധു എന്നിവരും ഉണ്ടായിരുന്നു.

ബൈക്കുകൾ കൂട്ടിയിടിച്ച് ഒരാൾക്ക് പരിക്ക്

സീതാംഗോളി: ബൈക്കുകൾ കൂട്ടിയിടിച്ച് ഒരാൾക്ക് പരിക്ക്. ഇന്നലെ വൈകിട്ട് സീതാംഗോളിയിലുണ്ടായ അപകടത്തിൽ കെ എസ് ഇ ബി എഞ്ചിനീയർ രാജീവനാണ് പരിക്കേറ്റത്. ഇയാൾ കുമ്പള സഹകരണ ആശുപത്രിയിൽ ചികിത്സ തേടി. ഇയാളുടെ പരാതിയിൽ മറ്റെ ബൈക്കോടിച്ചയാൾക്കെതിരെ കുമ്പള പൊലീസ് കേസെടുത്തു.

1.75 കോടി രൂപയുടെ ചന്ദനവേട്ട; മുഖ്യപ്രതിയെ ജയിലിൽ ചോദ്യം ചെയ്തു

കാസർകോട്: നായന്മാർമൂലയിലെ വീട്ടിൽ നിന്ന് 1.75 കോടി രൂപ വിലമതിക്കുന്ന ചന്ദനമുട്ടികൾ പിടികൂടിയ കേസിൽ റിമാന്റിൽ കഴിയുന്ന മുഖ്യപ്രതിയെ വനം വകുപ്പ് റേഞ്ച് ഓഫീസർ ജയിലിൽ ചോദ്യം ചെയ്തു. നായന്മാർമൂലയിലെ അബ്ദുൾ ഖാദർ(80)നെയാണ് റേഞ്ച് ഓഫീസർ അനിൽകുമാർ നടയിൽ സി ജെ എം കോടതി അനുമതിയോടെ ജയിലിൽ എത്തി ചോദ്യം ചെയ്തത്. ചോദ്യം ചെയ്യലിൽ ചന്ദനവുമായി ബന്ധപ്പെട്ട നിർണ്ണായക വിവരങ്ങൾ ലഭിച്ചതായി അന്വേഷണ വൃത്തങ്ങൾ സൂചിപ്പിച്ചു.

കഴിഞ്ഞ മാസം ആറിന് പുലർച്ചെയാണ് ജില്ലാ കലക്ടർ, ജില്ലാ പൊലീസ് മേധാവി എന്നിവരുടെ ഔദ്യോഗിക വസതികൾക്ക് സമീപത്തെ വീട്ടിൽ നിന്ന് ചന്ദനമുട്ടികൾ പിടികൂടിയത്.

കേസിൽ രണ്ട് പ്രതികളെ കിട്ടാനുണ്ട്. ഇതിനിടയിൽ കേസിൽ ജാമ്യം തേടിക്കൊണ്ട് അബ്ദുൾ ഖാദർ ഹൈക്കോടതിയിൽ അപേക്ഷ നൽകി.

സുബൈദ കൊലക്കേസ്; രക്ഷപ്പെട്ട പ്രതിയെ കണ്ടെത്താൻ സഹായിക്കുന്നവർക്ക് രണ്ടുലക്ഷം രൂപ ഇനം പ്രഖ്യാപിച്ചു

ബേക്കൽ: പൊലീസ് കസ്റ്റഡിയിൽ നിന്നു രക്ഷപ്പെട്ട സുബൈദ കൊലക്കേസ് പ്രതിയെ പിടികൂടാൻ സഹായിക്കുന്നവർക്ക് കേരള പൊലീസ് രണ്ടു ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചു. പെരിയ, ചെക്കിപ്പള്ളത്തെ സുബൈദ എന്ന വീട്ടമ്മയെ പട്ടാപ്പകൽ വീട്ടിനകത്തു കഴുത്തു ഞെരിച്ചു കൊലപ്പെടുത്തിയ കേസിലെ പ്രതിയായ അബ്ദുൽ അസീസി(33) നെ കണ്ടെത്താൻ സഹായിക്കുന്നവർക്കാണ് പാരിതോഷികം നൽകുക. സുബൈദ കൊലക്കേസിൽ അറസ്റ്റിലായ അബ്ദുൽ അസീസിനെ 2018 സെപ്തംബർ 14ന് സുള്ള്യ കോടതിയിൽ ഹാജരാക്കാൻ കൊണ്ടുപോയ സമയത്താണ് പ്രതി രക്ഷപ്പെട്ടത്. സുള്ള്യ കെ എസ് ആർ ടി സി ബസ് സ്റ്റാന്റിൽ വച്ചാണ് ഇയാൾ പൊലീസ് കസ്റ്റഡിയിൽ നിന്നു രക്ഷപ്പെട്ടത്. സംഭവത്തിനു ശേഷം പ്രതിയെ പിടികൂടാൻ കഴിഞ്ഞിരുന്നില്ല. ഇതോടെയാണ് പ്രതിക്കെതിരെ ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിക്കുകയും പാരിതോഷികം പ്രഖ്യാപിക്കുകയും ചെയ്തത്.

അസീസിന്റെ പൊലീസ് പുറത്തുവിട്ട ചിത്രങ്ങൾ

വ്യാജ പ്രചരണം: കേസെടുത്തു

കാസർകോട്: കോവിഡ് ബാധിച്ച് മരിച്ച റിട്ട. ഡോക്ടറുടെ ഫോട്ടോയ്ക്കു പകരം മറ്റൊരു ഡോക്ടറുടെ ഫോട്ടോ പ്രചരിപ്പിച്ചുവെന്ന പരാതിയിൽ പൊലീസ് കേസെടുത്തു. മുനിസിപ്പൽ ഓഫീസ് റോഡിലെ നളന്ദയിൽ റിട്ട, ഡോക്ടർ യതീശന്റെ പരാതി പ്രകാരമാണ് ടൗൺ പൊലീസ് കേസെടുത്തത്.

പിക്കപ്പ് വാനിടിച്ച് പരിക്ക്

ബദിയഡുക്ക: പിന്നോട്ടെടുക്കുകയായിരുന്ന പിക്കപ്പ് വാനിടിച്ച് ഒരാൾക്കു പരിക്കേറ്റു. ഗോളിയടുക്കയിലെ അബ്ദുള്ള (47) ക്കാണ് പരിക്കേറ്റത്. ഇയാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ ഉച്ചക്കു ബദിയഡുക്ക ബസ്സ്റ്റാന്റ് പരിസരത്താണ് അറസ്റ്റ്.

കടയിൽ നിന്നു സിഗരറ്റ് മോഷ്ടിച്ചു

മഞ്ചേശ്വരം: കുഞ്ചത്തൂർ കുച്ചിക്കാട്ടെ സുധാകരയുടെ കടയിൽ നിന്നു 30 പാക്കറ്റ് സിഗരറ്റ് മോഷ്ടിച്ചു. ഇന്ന് രാവിലെ കട തുറക്കാനെത്തിയപ്പോഴാണ് ഷട്ടർ തകർത്ത നിലയിൽ കണ്ടെത്തിയതെന്ന് സുധാകര മഞ്ചേശ്വരം പൊലീസിൽ പരാതിപ്പെട്ടു. പൊലീസ് സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു.

പ്രണയ വിവാഹിതയായ യുവതി തീകൊളുത്തി മരിച്ചു

ശ്രീജ

ഉദുമ: പ്രണയ വിവാഹിതയായ യുവതി ദേഹത്ത് തീകൊളുത്തി ആത്മഹത്യ ചെയ്ത സംഭവത്തിൽ മേൽപറമ്പ് പൊലീസ് ഭർതൃമാതാവിനെതിരെ കേസെടുത്ത് അന്വേഷണം തുടങ്ങി.

മേൽബാര കോളനിയിലെ സുജിത് കുമാറിന്റെ ഭാര്യ ശ്രീജ (21) മരിച്ച കേസിലാണ് അന്വേഷണം ആരംഭിച്ചത്. കഴിഞ്ഞ ഞായറാഴ്ച പകലാണ് ശ്രീജക്ക് ഭർതൃവീട്ടിൽ വച്ച് പൊള്ളലേറ്റത്. ഗുരുതരമായി പൊള്ളലേറ്റ ശ്രീജയിൽ നിന്നു കാസർകോട് മജിസ്ട്രേറ്റിന്റെ നിർദ്ദേശ പ്രകാരം കോഴിക്കോട് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് ആശുപത്രിയിലെത്തി ശ്രീജയുടെ മൊഴിയെടുത്തിരുന്നു. ഇതിനിടയിലാണ് ഇന്നലെ മരണം സംഭവിച്ചത്. ഭർതൃമാതാവിൽ നിന്നു നിരന്തരമായി ഉപദ്രവം ഉണ്ടായിരുന്നുവെന്നും ഇതാണ് ആത്മഹത്യയിലേയ്ക്ക് നയിച്ചതെന്നുമാണ് പൊലീസ് അന്വേഷണത്തിൽ വ്യക്തമായത്. ആർ ഡി ഒയുടെ നേതൃത്വത്തിൽ ഇൻക്വസ്റ്റ് തയ്യാറാക്കിയ ശേഷം മൃതദേഹം പോസ്റ്റുമോർട്ടം ചെയ്യുമെന്ന് പൊലീസ് പറഞ്ഞു. കാറഡുക്ക, മാളങ്കൈ, അർളടുക്കയിലെ മഞ്ജുനാഥ്-ശോഭ ദമ്പതികളുടെ മകളായ ശ്രീജയും മേൽബാര കോളനിയിലെ സുജിത്തും പ്രണയത്തിലായിരുന്നു. 2019 ഒക്ടോബർ 23ന് ആണ് വിവാഹിതരായത്. മേഘ, ആകാശ് എന്നിവർ ശ്രീജയുടെ സഹോദരങ്ങളാണ്.

ഏഴു വയസുകാരിയെ പീഡിപ്പിച്ചു; മധ്യവയസ്ക്കൻ അറസ്റ്റിൽ

കാഞ്ഞങ്ങാട്: ഏഴുവയസുകാരിയെ പീഡിപ്പിച്ചുവെന്ന പരാതിയിൽ മധ്യവയസ്ക്കൻ അറസ്റ്റിൽ. പനയാൽ സ്വദേശിയും പുല്ലൂർ ബേങ്ങാട്ടെ വാടക വീട്ടിൽ രണ്ടാം ഭാര്യയ്ക്കൊപ്പം താമസിക്കുകയും ചെയ്യുന്ന കുഞ്ഞിരാമ(55)നെയാണ് അമ്പലത്തറ പൊലീസ് അറസ്റ്റു ചെയ്തത്. തെങ്ങുകയറ്റ തൊഴിലാളി ആയിരുന്ന കുഞ്ഞിരാമൻ വാഴ ഇല മുറിച്ച് വിൽപ്പന നടത്തി വരികയാണിപ്പോൾ.

ആൻമേരി കൊലക്കേസ്; സഹോദരൻ ആൽബിനെതിരെ കുറ്റപത്രം നൽകി

കാഞ്ഞങ്ങാട്: ബളാൽ അരിങ്കല്ലിലെ ഓലിക്കൽ ബെന്നിയുടെ മകൾ ആൻമേരി (16)യെ ഐസ് ക്രീമിൽ എലിവിഷം കലർത്തി കൊടുത്തു കൊലപ്പെടുത്തിയ കേസിൽ കുറ്റപത്രം സമർപ്പിച്ചു. കേസ് അന്വേഷിച്ച വെള്ളരിക്കുണ്ട് പൊലീസ് ഇൻസ്പെക്ടർ കെ പ്രേംസദൻ ആണ് ആയിരം പേജുള്ള കുറ്റപത്രം കോടതിയിൽ സമർപ്പിച്ചത്. കൊല്ലപ്പെട്ട ആൻമേരിയുടെ സഹോദരൻ ആൽബിൻ ബെന്നി(22)യാണ് കേസിലെ പ്രതി.ഇക്കഴിഞ്ഞ ആഗസ്ത് മാസത്തിലാണ് ആൻ മേരി കൊല്ലപ്പെട്ടത്. വീട്ടിൽ ഉണ്ടാക്കിയ ഐസ്ക്രീം കഴിച്ചതിനു ശേഷം ഛർദ്ദിയും വയറിളക്കവും അനുഭവപ്പെട്ട ആൻമേരിക്ക് ആദ്യം നാടൻ ചികിത്സയാണ് നൽകിയത്. സ്ഥിതി ഗുരുതരമായതിനെ തുടർന്ന് ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

ആൽബിൻ

ആൻമേരി

ഇതിനിടയിൽ പിതാവ് ബെന്നിയും മാതാവു ബെസിയും ഛർദ്ദിയും വയറിളക്കവും ബാധിച്ച് പയ്യന്നൂരിലെ ആശുപത്രിയിൽ ചികിത്സ തേടി. ഇവിടെ നടത്തിയ പരിശോധനയിൽ ഭക്ഷ്യവിഷബാധ ഉണ്ടായതായി കണ്ടെത്തി.

ആൻമേരിയുടെ മൃതദേഹം പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റുമോർട്ടം ചെയ്തപ്പോൾ ആന്തരികാവയവങ്ങളിൽ എലിവിഷം കണ്ടെത്തി. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് സഹോദരൻ ആൽബിൻ വീട്ടിൽ ഉണ്ടാക്കിയ ഐസ്ക്രീമിൽ വിഷം കലർത്തി കൊലപ്പെടുത്തിയതാണെന്നു കണ്ടെത്തിയത്. ലൈംഗീക വൈകൃതത്തിനു അടിമയായ പ്രതി ഇന്റർനെറ്റിലെ ലൈംഗീക വീഡിയോകൾ സ്ഥിരമായി കാണുകയും സഹോദരി ആൻമേരിയെ കീഴ്പ്പെടുത്താൻ ശ്രമിക്കുകയും ചെയ്തിരുന്നു. ഇക്കാര്യം പെൺകുട്ടി മാതാവിനോട് വെളിപ്പെടുത്തിയിരുന്നു. ഒരു യുവതിയുമായി ആൽബിനു ഉണ്ടായിരുന്ന അവിഹിത ബന്ധവും ആൻമേരി നേരിട്ട് കണ്ടിരുന്നു. വയനാട് സ്വദേശിനിയായ ഒരു യുവതിയുമായും ആൽബിനു ബന്ധം ഉണ്ടായിരുന്നുവെന്നും കുടുംബത്തിനെ ഒന്നാകെ ഇല്ലാതാക്കി വയനാട്ടിലെ കാമുകിക്കൊപ്പം സുഖമായി ജീവിക്കുകയായിരുന്നു പ്രതിയുടെ ലക്ഷ്യമെന്നും കുറ്റപത്രത്തിൽ പറയുന്നു.

ബേബി ബാലകൃഷ്ണൻ സി പി എം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനാർത്ഥി

സിജിമാത്യുവും കെ മണികണ്ഠനും രവിയും എം ലക്ഷ്മിയും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനാർത്ഥികൾ

കാസർകോട്: തദ്ദേശ തിരഞ്ഞെടുപ്പിനു പൊതുസമ്മതരായ യുവജന നേതൃനിരയെ സി പി എം രംഗത്തിറക്കുന്നു.

സി പി എം കാറഡുക്ക ഏരിയ സെക്രട്ടറി സിജിമാത്യു, ഉദുമ ഏരിയാ സെക്രട്ടറി കെ മണികണ്ഠൻ, നീലേശ്വരം ഏരിയാ സെക്രട്ടറി എം രവി എന്നിവർ യഥാക്രമം കാറഡുക്ക, കാഞ്ഞങ്ങാട്, നീലേശ്വരം ബ്ലോക്ക് പഞ്ചായത്തുകളിൽ സ്ഥാനാർത്ഥികളാണ്. ഇതിന്റെ മുന്നോടിയായി മൂവരും പാർട്ടി ഏരിയാ സെക്രട്ടറി സ്ഥാനങ്ങൾ രാജിവെച്ചു.നീലേശ്വരം ഏരിയാ സെക്രട്ടറിയായി മടിക്കൈ പഞ്ചായത്തു പ്രസിഡന്റായിരുന്ന വി രാജനെ ഇന്നലെ ഏരിയാ കമ്മറ്റി യോഗം തിരഞ്ഞെടുത്തു. കാറഡുക്ക ഏരിയ സെക്രട്ടറിയെ തിരഞ്ഞെടുക്കാൻ ഏരിയാ കമ്മറ്റി യോഗം ആരംഭിച്ചു. ഉദുമ ഏരിയാ സെക്രട്ടറിയെ നാളെ തിരഞ്ഞെടുക്കും. മധു മുദിയക്കാൽ ആയിരിക്കും പുതിയ സെക്രട്ടറി ആവുകയെന്നാണ് സൂചന. ഇവർക്കു പുറമെ പരപ്പയിൽ ജനാധിപത്യ മഹിളാ അസോസിയേഷൻ നേതാവ് എം ലക്ഷ്മി മത്സരിക്കും.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനാർത്ഥിയായി മടിക്കൈ പഞ്ചായത്തു മുൻ പ്രസിഡന്റായിരുന്ന ബേബി ബാലകൃഷ്ണനെ പാർട്ടി നേതൃത്വംതീരുമാനിച്ചു. ജില്ലയിലെ ജില്ലാ - ബ്ലോക്ക് ഇടതു മുന്നണി സ്ഥാനാർത്ഥികളുടെ പ്രഖ്യാപനം 14നു മുമ്പ് ഉണ്ടായേക്കും. സി പി ഐ, നാഷണൽ ലീഗ് പാർട്ടികളുടെ സീറ്റ് സംബന്ധിച്ച് അന്തിമ തീരുമാനം 13നു മുമ്പു ഉണ്ടാക്കും.നാഷണൽ ലീഗ് ജില്ലാ പഞ്ചായത്തിൽ മൂന്നു ഡിവിഷനുകളാണ് ഇടതുമുന്നണി നേതൃത്വത്തോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് സൂചനയുണ്ട്. സീറ്റുകൾ പരസ്പരം മാറുന്നതു സംബന്ധിച്ചു സി പി ഐ യുമായും ധാരണയാകേണ്ടതുണ്ട്. പുതുതായി ഇടതു മുന്നണിയിലെത്തിയ എൽ ജെ ഡിക്കു പിലാക്കോടു ഡിവിഷനും കേരള കോൺഗ്രസ് ജോസ് ഗ്രൂപ്പിനു കള്ളാറും ഡി ഡി എഫിനു ചിറ്റാരിക്കാലും സീറ്റുകൾ ധാരണയായിട്ടുണ്ടെന്നറിയുന്നു. സി പി ഐ മൂന്നു സീറ്റിൽ മത്സരിക്കും. ഐ എൻ എൽ സീറ്റ് പ്രശ്നം ഉടൻ പരിഹരിക്കുമെന്നറിയുന്നു.

മണികണ്ഠൻ, സിജിമാത്യു

പൊതു പ്രവർത്തനരംഗത്തു ജനവിശ്വാസം ആർജ്ജിച്ചിട്ടുള്ളവരെയാണ് സി പി എം മത്സര രംഗത്തിറക്കുന്നത്. കാഞ്ഞങ്ങാട് മുനിസിപ്പൽ ചെയർമാനായിരുന്ന വി വി രമേശൻ മുൻസിപ്പൽ കൗൺസിലിലേക്കു വീണ്ടും മത്സരിക്കുന്നു. ഗ്രാമപഞ്ചായത്തുകളിലും പ്രാദേശിക അംഗീകാരമുള്ള യുവ നേതൃത്വത്തെയാണ് സ്ഥാനാർത്ഥിത്വത്തിനു പരിഗണിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളിലേക്കുള്ള സ്ഥാനാർത്ഥി ലിസ്റ്റ് പൂർത്തിയായിട്ടുണ്ടെങ്കിലും ജില്ലയിലെ ഇടതു മുന്നണി സ്ഥാനാർത്ഥികളെ നാളെ ചേരുന്ന ജില്ലാ നേതൃയോഗത്തിനു ശേഷമേ ഔദ്യോഗികമായി പ്രഖ്യാപിക്കുകയുള്ളൂ.

അന്തുക്ക